





ഫാ. പോൾ കുഞ്ഞാനയിൽ

സെപ്തംബർ 14 തിരുസഭാമാതാവ് വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളായാണ് കൊണ്ടാടുന്നത്. ഏവർക്കും ഈ തിരുനാളിന്റെ നല്ല മംഗളങ്ങൾ നേരുന്നു.

വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ പ്രധാനമായും മൂന്ന് കാര്യങ്ങളാണ് നമ്മെ അനുസ്മരിപ്പിക്കുക. ഒന്നാമതായി, ഏതാണ്ട് ഏ.ഡി. 327-നോടടുത്ത് കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ അമ്മയായ ഹെലെനാ രാജ്ഞി യേശുവിന്റെ കുരിശ് കണ്ടെടുത്തതാണ്. തീക്ഷ്ണമതിയും ക്രൈസ്തവ വിശ്വാസിയുമായ ഹെലെനാ രാജ്ഞി വിശുദ്ധനാട്ടിൽ ദേവാലയങ്ങൾ പണിയാനുള്ള അതിയായ ആഗ്രഹത്തോടെയാണ് ജറുസലെമിൽ എത്തിച്ചേർന്നത്. ഈ ആഗ്രഹസാഫല്യത്തിനായി അന്നത്തെ ജറുസലെം മെത്രാനായിരുന്ന മക്കാരിയൂസിന്റെ പിന്തുണ ഏറെ സഹായകരമായിരുന്നു. യേശുവിനെ കുരിശിൽ തറച്ച കാൽവരിമലയും, അവിടുത്തെ സംസ്ക്കരിച്ച കല്ലറയും ഉൾപ്പെടുന്ന പ്രദേശത്ത് ഏ.ഡി.135-ൽ ഹദ്രിയൻ ചക്രവർത്തി വീനസ് ദേവിയ്ക്കായി ഒരു അമ്പലം നിർമ്മിച്ചിരുന്നു. ആ അമ്പലം തകർത്ത് അവിടെ പരിശോധന നടത്തിയ ഹെലെനാ രാജ്ഞി യേശുവിനെ തറച്ച കാൽവരിമലയോട് ചേർന്ന്, പാറ വെട്ടിയെടുത്തപ്പോൾ ഉണ്ടായ ഒരു കുഴിയിൽ മാലിന്യങ്ങൾ നിക്ഷേപിച്ചിരുന്നതായും, ആ മാലിന്യങ്ങൾക്കിടയിൽ കുറ്റവാളികളെ ശിക്ഷിക്കാനായി ഉപയോഗിച്ചിരുന്ന പല കുരിശുകളും കണ്ടെത്തി. ആ കുരിശുകൾക്കിടയിൽ യേശുവിനെ തറക്കാൻ ഉപയോഗിച്ചിരുന്ന വിശുദ്ധ കുരിശ് ഉണ്ടെന്ന് ഹെലെനാ രാജ്ഞി മനസ്സിലാക്കി. ഒരു വലിയ ക്രിസ്തുവിശ്വാസിയായിരുന്ന രാജ്ഞി,

ക്രിസ്തുവിന്റെ കുരിശിന് വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ശക്തിയുണ്ട് എന്ന് വിശ്വസിച്ചു. അതിനാൽ അവിടെ കണ്ടെത്തിയ കുരിശുകളിൽ ഒരു യുവാവിന്റെ മൃതശരീരം കിടത്തിനോക്കി. യേശു മരിച്ച കുരിശിൽ കിടത്തിയപ്പോൾ ആ മൃതശരീരം ജീവനുള്ളതായി മാറി എന്ന് ജെറുസലേമിലെ ആദിമക്രൈസ്തവ പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നു. ഇങ്ങനെ ഹെലെനാ രാജ്ഞി, യേശുവിന്റെ യഥാർത്ഥ കുരിശ് കണ്ടെത്തിയതാണ് വിശുദ്ധ കുരിശിന്റെ തിരുനാളിന്റെ ആദ്യചിന്താവിഷയം.

രണ്ടാമതായി, എ.ഡി. 335-ൽ യേശുവിന്റെ കാൽവരിയും, കല്ലറയും ഉൾപ്പെടുന്ന സ്ഥലത്ത് കോൺസ്റ്റന്റയിൻ ചക്രവർത്തി നിർമ്മിച്ച ദേവാലയത്തിന്റെ സമർപ്പണമാണ്. ഈ ദേവാലയം, യേശുവിന്റെ 'തിരുക്കല്ലറയുടെ പള്ളി' എന്നാണ് അറിയപ്പെടുന്നത്.

പേർഷ്യക്കാർ എ.ഡി. 614-ൽ ജറുസലെം ആക്രമിച്ച് കീഴടക്കി ബലപ്രയോഗത്തിലൂടെ എടുത്തു കൊണ്ടുപോയ യേശുവിന്റെ വിശുദ്ധ കുരിശ് എ.ഡി. 629-ൽ ഹെരാക്ക്ളിയൂസ് ചക്രവർത്തി വീണ്ടെടുത്ത് ജറുസലെമിലേക്ക് തിരിച്ചു കൊണ്ടുവരുന്നതാണ് ഈ തിരുനാളിന്റെ മൂന്നാമത്തെ ചിന്താവിഷയം.

തിരുസഭാമാതാവ് വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന്റെ വചനവിചിന്തനത്തിനായി നൽകുക വി. ലൂക്കാ സുവിശേഷകൻ എമ്മാവൂസിലേക്ക് പോയ ശിഷ്യരെക്കുറിച്ച് നൽകുന്ന വിവരണങ്ങളാണ്. ഈ ശിഷ്യന്മാർ ദുഃഖവെള്ളിയാഴ്ച ജറുസലെമിൽ നടന്ന ഈശോയുടെ പീഡാസഹനവും, മരണവും കണ്ട് മനസ്സ് മടുത്തവരായിരുന്നു. അവരെക്കുറിച്ചാണ് സുവിശേഷകൻ പറയുക 'അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു', 'അവർ മ്ലാനവദരായിരുന്നു' എന്നൊക്കെയാണ്. കൂടെനടക്കുന്ന യേശുവിനെ തിരിച്ചറിയാൻ അവർക്ക് സാധിക്കുന്നില്ല. അവരുടെ കണ്ണുകൾ തുറക്കാൻ, മ്ലാനത അകറ്റാൻ യേശു ഉപയോഗിക്കുന്നത് രണ്ട് മാർഗ്ഗങ്ങളാണ്. ആദ്യം മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും തന്നെക്കുറിച്ച് വിശുദ്ധ ലിഖിതങ്ങളിൽ വ്യാഖ്യാനിച്ചിട്ടുള്ളതിനെ വിശദീകരിച്ചു കൊടുക്കുന്നു. അതിനു ശേഷം അവർക്ക് വേണ്ടി അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് കൊടുക്കുന്നു. വചനവും, വി. കുർബ്ബാനയും സ്വീകരിച്ച ശിഷ്യർ പിന്നീട് കണ്ണുകൾ തുറക്കപ്പെട്ട് തിരിച്ചറിവുള്ളവരായിത്തീരുകയാണ്.

വിശുദ്ധ കുരിശിന്റെ അർത്ഥം മനസ്സിലാക്കാൻ ഇന്നും നമുക്ക് സഹായകമാകുന്നത് തിരുവചനങ്ങളാണ്. തന്റെ തന്നെ കുരിശുമരണത്തെക്കുറിച്ച് യേശു പറയുന്നത് യോഹന്നാന്റെ സുവിശേഷം 3:14-ൽ നാം കാണുന്നു. "മോശ മരുഭൂമിയിൽ വച്ച് സർപ്പത്തെ ഉയർത്തിയതുപോലെ തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു." യേശു കുരിശിൽ തറയ്ക്കപ്പെട്ടതിനാലാണ് മനുഷ്യർക്ക് നിത്യജീവൻ ഉണ്ടായത്. യേശു കുരിശിൽ തറയ്ക്കപ്പെടുക എന്നുള്ളത് തിരുവചനത്തിലൂടെ വെളിപ്പെട്ട ദൈവഹിതമായിരുന്നു. ആ ദൈവഹിതത്തിന് തന്നെത്തന്നെ സമർപ്പിച്ചുകൊണ്ടുള്ള യേശുവിന്റെ കുരിശിലെ സമർപ്പണമാണ് മനുഷ്യമക്കൾക്ക് രക്ഷ നൽകിയത്. "അവർ എന്റെ കൈകാലുകൾ കുത്തിതുളച്ചു" എന്നുള്ള 22-ാം സങ്കീർത്തനം 16-ാം വചനം, യേശുവിന്റെ കുരിശുമരണത്തിന്റെ ആവശ്യകതയിലേക്കാണ് വിരൽചൂണ്ടുന്നത്.

"ജറുസലേം പട്ടണത്തിലൂടെ കടന്നുപോകുക ആ നഗരത്തിൽ നടമാടുന്ന മ്ലേച്ഛതയോർത്ത് കരയുകയും വിലപിക്കുകയും ചെയ്യുന്നവരുടെ നെറ്റിയിൽ അടയാളമിടുക" എന്ന എസെക്കിയേൽ പ്രവചനത്തെ സഭാപിതാവായ വിശുദ്ധ ജെറോം മനസ്സിലാക്കുക കുരിശിനെക്കുറിച്ചുള്ള പരാമർശമായിട്ടാണ്. ഇവിടെ നെറ്റിയിൽ ഇടുന്ന അടയാളം കുരിശടയാളമായി അദ്ദേഹം വ്യാഖ്യാനിക്കുന്നു. നാം ഓരോ പ്രാവശ്യവും നെറ്റിയിൽ കുരിശടയാളം വരയ്ക്കുമ്പോഴും ദൈവസംരക്ഷണത്തിന്

നമ്മെത്തന്നെ സമർപ്പിച്ചുകൊടുക്കുക യാണ് ചെയ്യുന്നത് എന്ന ബോധ്യം നമുക്കുണ്ടാകണം.

നൂറ്റാണ്ടുകളായി മനുഷ്യൻ ഭീതിയോടെ കണ്ട കുരിശിന് പുതിയ അർത്ഥതലങ്ങൾ ഈശോ നൽകി. ശിക്ഷയുടെ അടയാളമായിരുന്ന കുരിശിനെ ക്രിസ്തു രക്ഷയുടെ അടയാളമായി രൂപാന്തരപ്പെടുത്തി. ചെറുതും വലുതുമായ സഹനങ്ങളുടെ രൂപത്തിൽ കുരിശ് വഹിക്കാനും കുരിശിൽ തറക്കപ്പെടാനും പലപ്പോഴും നിർബന്ധിതരാകുന്നവരാണ് നാം ഓരോരുത്തരും. എന്നാൽ സഹനങ്ങൾക്ക് അതിൽ തന്നെ യാതൊരു അർത്ഥവുമില്ല. എന്നാൽ ക്രിസ്തുവിനോട് ചേർന്ന് സഹിക്കുമ്പോൾ അത് രക്ഷാകരമായിത്തീരുന്നു. ജറുസലെമിൽ വരുന്ന വിശ്വാസികൾ 'കുരിശിന്റെ വഴി' പ്രാർത്ഥന ചൊല്ലുമ്പോൾ, വലിയ കുരിശുകൾ വാടകയ്ക്ക് എടുത്ത്, അതും ചുമന്നുകൊണ്ടാണ് പ്രാർത്ഥന ചൊല്ലാറുള്ളത്. ആ കുരിശും ചുമന്നുകൊണ്ട് യേശു നടന്ന കുരിശിന്റെ വഴിയിലൂടെ നടക്കുമ്പോൾ അത് അവർക്ക് വെറുമൊരു മരക്കഷണമല്ല, മറിച്ച് യേശുവിന്റെ കുരിശിന്റെ സജീവസാന്നിധ്യവും, ശക്തിയും പകർന്നു നൽകുന്ന ചാലകങ്ങളായി മാറുന്നു. ഇങ്ങനെ ഉപയോഗിക്കുന്ന കുരിശ് 'കുരിശിന്റെ വഴി' പ്രാർത്ഥനയ്ക്ക് ശേഷം 'തിരുക്കല്ലറയുടെ പള്ളി'യോട് ചേർന്നുള്ള 9-ാം സ്ഥലത്ത് തീർത്ഥാടകർ വച്ചിട്ട് പോകുന്നു. ഈ കുരിശുകൾ തിരിച്ച് ഉടമസ്ഥരുടെ കൈയിൽ എത്തിക്കുക അവരുടെ ജോലിക്കാരാണ്. എന്നാൽ, ഇത് അവർക്ക് വെറും ഒരു ജോലി മാത്രമാണ്. അതേ, യേശുവിനോടൊത്ത് സഹിക്കുമ്പോൾ കുരിശുകൾ രക്ഷാകരവും, ദൈവീകവുമായി മാറുന്നു. എന്നാൽ യേശുവിൽ നിന്ന് മാറി നിൽക്കുമ്പോൾ കുരിശിന് യാതൊരു അർത്ഥവുമില്ല, പ്രസക്തിയുമില്ല. "നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ, അത് ദൈവത്തിന്റെ ശക്തിയത്രേ" എന്ന് വി. പൗലോസ്ശ്ലീഹാ കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനം 1-ാം അധ്യായം 18-ാം വാക്യത്തിൽ പറയുന്നു.

ജീവിതത്തിലെ കുരിശുകളുടെ അർത്ഥം മനസ്സിലാക്കുവാൻ, കുരിശുകളെ സ്നേഹിക്കാൻ നമുക്ക് ശക്തി തരുന്നത് വി. കുർബ്ബാനയാണ്. കുരിശിലെ സഹനങ്ങളിലൂടെ നടന്ന് ഉയിർപ്പിന്റെ മഹിമയിലേക്ക് പ്രവേശിച്ച അതെ ക്രിസ്തു തന്നെയാണ് വിശുദ്ധ കുർബ്ബാനയായി നമ്മുടെ നാവിലേക്കും, ഹൃദയങ്ങളിലേക്കും, ജീവിതങ്ങളിലേക്കും ഇറങ്ങിവരുന്നത്. ക്രിസ്തുവിന്റെ വചനങ്ങളാലും, ശരീരങ്ങളാലും ശക്തിപെട്ട് നമ്മുടെ ജീവിതങ്ങളിലെ സഹനങ്ങളെ നമുക്ക് രക്ഷാകരമാക്കി തീർക്കാം. ഏവർക്കും തിരുനാളിന്റെ മംഗളങ്ങൾ ഒരിക്കൽ കൂടി നേരുന്നു. ◆

